

# ടച്ച് മീ

TOUCH ME

നവംബർ 2022

# സ്മരണാഞ്ജലി



## ഒലക്കേങ്കിൽ കുഞ്ഞുവറീത്

ജനനം
22-10-1942

# ജോസഫ്

മരണം
22-09-2022

നെഹ്റു നഗർ 8th അവന്യു

**കുന്നംകുളം**

ഭാര്യ, മക്കൾ, മരുമക്കൾ & പേരക്കുട്ടികൾ

സ്മരണകളോടെ...

**സെല്ലി ഗ്രൂപ്പ്, കുന്നംകുളം**



# ടച്ച് മീ
TOUCH ME


**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 15 – 2022 നവംബർ – ലക്കം : 3

സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫെറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747




## എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെഹ്ഹോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ ഗീതിമരിയ** CMC
94958 55603

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| *Presentation of .....* | 4 |
| കണ്ടതും കേട്ടതും | 5 |
| വിശ്വാസപരിശീലനം | 7 |
| ശിശുദിന ക്വിസ് | 8 |
| സഭാ വാർത്തകൾ | 9 |
| സ്ക്രബ് ടൈഫസ് (ചെള്ളുപനി) | 11 |
| രക്ഷ, ദൈവീകദാനം | 13 |
| *The Little Lilly and Her....* | 15 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| ഇടവകദിനം ആഘോഷകമ്മിറ്റി | 18 |
| വി. കൊച്ചുത്രേസ്യ.... | 21 |
| പുസ്തകപരിചയം | 23 |
| ബൈബിളിലൂടെ | 25 |
| ഫുഡ്ഫെസ്റ്റ് | 27 |
| ചിൽഡ്രൻസ് കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"കർത്താവേ അവസാനമെന്തെന്നും എന്റെ ആയുസ്സിന്റെ ദൈർഘ്യം എത്രയെന്നും എന്നെ അറിയിക്കണമെ, എന്റെ ജീവിതം എത്ര ക്ഷണികമാണെന്ന് ഞാനറിയട്ടെ". (സങ്കീർത്തനം 39:4)

നവംബർ മാസം, മരണമടഞ്ഞ നമ്മുടെ പ്രിയപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന ദിനങ്ങൾ. ശുദ്ധീകരണ സ്ഥലത്തുള്ള എല്ലാവരും സ്വർഗ്ഗത്തിലെത്തിച്ചേരണമെന്ന ആഗ്രഹത്തോടെ നാം പ്രാർത്ഥിക്കാറുണ്ട്.

വിശ്വാസത്തോടെയുള്ള മരണം ഒന്നിന്റേയും അന്ത്യമല്ല അത് ആരംഭമേ ആകുന്നുള്ളൂ. ചില ജീവിതമാതൃകകൾ നമ്മെ ഭ്രമിപ്പിക്കാറുണ്ട്. പക്ഷേ, ഒരാളുടെ മരണം മറ്റുള്ളവരെ ആകർഷിക്കാറുണ്ടോ? എന്നാൽ അനേകരെ, പ്രചോദിപ്പിച്ച, കൊതിപ്പിച്ച മരണമായിരുന്നു ക്രിസ്തുവിന്റേത്.

ശാപത്തിന്റേയോ, പാപത്തിന്റേയോ ഫലമല്ല ഒരു മരണവും എന്ന വലിയ തിരിച്ചറിവിലേക്ക് നാം വളരണം. മരണം രക്ഷയും ശാന്തിയും സമാധാനവുമാണ്. ക്രിസ്തുവിനെപ്പോലെ ജീവിച്ചാൽ മാത്രം പോരാ. ക്രിസ്തുവിനെപ്പോലെ മരിയ്ക്കുകയും വേണം.

ഈ ആധുനിക യുഗത്തിൽ ആത്മഹത്യയും കൊലപാതങ്ങളും ഏറിവരികയാണ്. പ്രണയനൈരാശ്യം മൂലം വളരെയേറെ അപകടങ്ങളും സംഭവിക്കുന്നു. ജോലിഭാരവും, സമ്പത്തുവർദ്ധിപ്പിക്കാനുള്ള തത്രപ്പാടുമൂലം മാതാപിതാക്കൾക്ക് സ്വന്തം മക്കൾക്ക് സ്നേഹം കൊടുക്കാനാകാതെ വരുന്നു. അപ്പോൾ അവർ പല സ്നേഹവൈകൃതങ്ങളും തേടി അവർ യാത്രപുറപ്പെടുന്നു. ഒടുവിൽ മരത്തിലും വെള്ളത്തിലും മയക്കുമരുന്നിലും ജീവിതം അവസാനിക്കുന്നു. ലഹരിവസ്തുക്കളുടെ ദുരുപയോഗം മൂലം സ്വന്തം ശരീരത്തെ നശിപ്പിക്കുന്നു. ദൈവം ദാനമായിത്തന്ന നമ്മുടെ ശരീരത്തെ മനസ്സിനെ പൂജ്യതയോടെ സൂക്ഷിക്കാം. ദൈവത്തിന്റെ ആലയമാണ് നമ്മുടെ ശരീരമെന്ന് ഓർക്കാം. സകല മരിച്ച വിശ്വാസികൾക്കും വേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കാം. ക്രിസ്തുരാജന്റെ രാജത്വത്തിരുനാളിന്റെ ആശംസകൾ ഏവർക്കും ആശംസിയ്ക്കുന്നു.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*

# ഇടയമൊഴി



## മരണ ശേഷം...

നവംബർ മാസം ...
മരണ ചിന്തകൾ മനസ്സിൽ വരേണ്ട മാസം.
വിട ചൊല്ലിയവരെ ഓർക്കുന്ന മാസം...
മരണ ശേഷം എന്ത്?....
മരണം തന്നെ ഒരു വിട പറയലല്ലേ?
ശരീരത്തിൽ നിന്ന് ആത്മാവ് വേർപ്പിരിയുന്നു...
ശരീരം ഈ മണ്ണോട് ചേരുന്നു....
നന്മകളാൽ സുരഭിലമായ ജീവിതത്തിന് സ്വർഗ്ഗം
പാപചേറിൽ മനസ്തപിക്കാത്ത...
ആത്മാവിന് വിധി നരകം.
മനസ്താപത്തിനും പുറത്തുള്ള-
ലഘു പാപങ്ങൾക്ക്....
ശുദ്ധീകരണ സ്ഥലം....
ഇതാണ് തനത് വിധി.. സഭ നമ്മെ പഠിപ്പിക്കുന്നു.
മിശിഹായുടെ രണ്ടാം വരവിൽ...
ജീർണ ശരീരങ്ങൾ ഉയിർത്തെഴ്ന്നേൽക്കുന്നു.
നന്മ ചെയ്തവരും, ശുദ്ധീകരിക്കപെട്ട-
ആത്മാക്കളുടെ ശരീരത്തോടെ...
അവനോടൊപ്പം നിത്യ ജീവനിലേക്ക്...
പാപികൾക്ക് നിത്യ നരകം...
അന്ത്യവിധിയെന്ന് വി. ഗ്രന്ഥം...
നമ്മെ ഓർമ്മിപ്പിക്കുന്നു.
ഈ മണ്ണിൽ നിന്ന് വിണ്ണിലേക്ക്.
ഉയരേണ്ടവരാണ് നമ്മൾ....
മനസ്താപത്തിലൂടെ, പാപമോചനത്തിലൂടെ
ക്രിസ്തുവിൽ വളരേണ്ടവരാണ് നമ്മൾ

*സസ്നേഹം*
**ദാവീദച്ചൻ**



# PRESENTATION OF BLESSED VIRGIN MARY

*Joyce Thomson Thachil*

*The month November is always remembered as connected with the celebration of 'All Saint's Day' & All Soul's Day. Hardly we solemnize the celebration of presentation of Blessed Virgin Mary which falls in November. It is on November 21st. This is a liturgical feast celebrated by catholic, Eastern Orthodox and Anglo Catholic Churches. Neither we see the event in Olds or New Testament, but in 'Apocryphal' writeups of St. James. According to the text, Mary was presented to the church in Jerusalem at the age of three by her parents, Joachim & Anne. They received the child after a long struggling period of childlessness like Hannah. She also left her son Samuel, in the temple to be raised by priest Eli. Joachim and Anne vowed to set apart Mary for the extraordinary vocation in the temple. Though this event cannot be proven historically, it is found in the Apocryphal literature.*

*The feast was first celebrated in 6th century by Eastern Orthodox Churches. But, western churches started celebrating it in the 11th century. The feast became a part of the universal church in 16th century.*

*During Baptism we too are presented to God and we are set apart for God. Like Mama Mary we are also called to holiness. So each and every Christian must live up to this great call.*

# കണ്ടതും കേട്ടതും



ജോണി ബെപ്പോ

രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മരുന്നുകളുടെ ഉപയോഗം കൂടുതലായിട്ടുള്ള സംസ്ഥാനം കേരളമാണ് എന്ന് കണക്കാക്കപ്പെടുന്നു. കേരളത്തിലെ ആളോഹരിമരുന്നുകളുടെ ചിലവ് 2547 രൂപയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗുജറാത്തിൽ 590 രൂപയാണ് ഇതിലേക്കായി ചിലവാകുന്നത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ കണക്ക് പ്രകാരം കേരളം 2547 രൂപ, ഹിമാചൽപ്രദേശ് 1760 രൂപ, പശ്ചിമബംഗാൾ, 1499 രൂപ, ആന്ധ്രാപ്രദേശ് 1488 രൂപ, ഉത്തർപ്രദേശ് 1118 രൂപ, പഞ്ചാബ് 1224 രൂപ, ബീഹാർ 298 രൂപ, അസം 386 രൂപ, ചത്തീസ്ഗഡ് 401 രൂപ, ഉത്തരാഖണ്ഡ് 401 രൂപ, കർണ്ണാടക 510 രൂപ, ഗുജറാത്ത് 590 രൂപ എന്നിങ്ങനെയാണ് കണക്കുകൾ പോകുന്നത്. ശുചിത്വത്തിന്റെ കാര്യത്തിലായാലും സാക്ഷരതയുടെ കാര്യത്തിലായാലും കേരളം മുൻപന്തിയിലാണ് നിലകൊള്ളുന്നത് എന്ന കാര്യം വിസ്മരിക്കാവുന്നതല്ല. ഡോക്ടർമാരുടെ കുറിപ്പ് പ്രകാരവും അല്ലാതെയുമുള്ള കണക്കുകളും ഇവയിൽ ഉൾപ്പെടുന്നതാണ്. ആരോഗ്യസംരക്ഷണത്തിനും ജനങ്ങളുടെ ദീർഘായുസ്സും ഉണ്ടാകുന്നതിനും ആരോഗ്യപരിപാലനം കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ രാജ്യത്തിന്റെ കെട്ടുറപ്പും അഖണ്ഡതയും നിലനിർത്താനാകുകയുള്ളൂ എന്ന കാര്യം വിസ്മരിക്കാവുന്നതല്ല. അതിനായുള്ള മുൻകരുതലുകളും മുൻ ഒരുക്കങ്ങളും നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനായുള്ള ഉൾവിളികളും പ്രവർത്തനങ്ങളും ഉൽസാഹവും ഉണ്ടായേതീരൂ. അതിനായുള്ള മുൻകരുതലുകളും സ്ഥിരോത്സാഹവും നമ്മിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനായി വിശ്രമമില്ലാതെയുള്ള കൂട്ടായ ചിന്തകളും നമ്മിൽ ഉണ്ടാകട്ടെയെന്ന് പ്രത്യാശിക്കാം.


## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 08-11-2022 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |
| 05-11-2022 ശനി<br>03-12-2022 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |

### ജപമാലമാസ ആചരണത്തോടനുബന്ധിച്ച് 2022 ഒക്ടോബർ 23 ഞായറാഴ്ച ഇടവകയിൽ നടത്തിയ

# ജപമാല റാലി








പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? പരീക്ഷയൊക്കെ കഴിഞ്ഞ് ഉത്തരക്കടലാസ് കിട്ടിയില്ലേ? എല്ലാവർക്കും നല്ല മാർക്ക് കിട്ടിക്കാണുമെന്ന് കരുതുന്നു. മാർക്ക് കുറഞ്ഞവർ ഇനിയും നന്നായി പഠിക്കുക. അടുത്ത പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് ലഭിക്കും.

മറ്റൊരു പ്രധാന കാര്യം നിങ്ങളെ അറിയിക്കാനുണ്ട്. പത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടേയും നിങ്ങൾ അറിഞ്ഞ കാര്യമാണ്. വിദ്യാലയങ്ങളിൽ ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കാര്യമെന്തെന്ന് ഇപ്പോൾ മനസ്സിലായിക്കാണും. അതെ, ലഹരിയെക്കുറിച്ചുതന്നെ. വിവിധ രൂപങ്ങളിൽ നമുക്കു ചുറ്റും ലഹരി നിറയുന്നു. പരിചിതരും അപരിചിതരുമായ പലരും നമ്മുടെ നേരെ അതു നീട്ടുന്നു. മിഠായിയായും പാനീയമായും അതു നമുക്കുള്ളിൽ പ്രവേശിക്കുന്നു.

നശിക്കുന്നത് നമ്മുടെ ജീവിതമാണ്. ഇതുകൊണ്ട് ഒന്നും കിട്ടാനില്ല. അതുകൊണ്ടുതന്നെ ലഹരിയുടെ വഴികളോട് നമുക്ക് ഇല്ല എന്നുതന്നെ പറയാം.

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിന്റേയും ക്രിസ്തുരാജത്തിരുനാളിന്റേയും ആശംസകൾ നേർന്നുകൊണ്ട്,

സ്നേഹത്തോടെ
ലില്ലിടീച്ചർ



## ശിശുദിന ക്വിസ്സ്

**അനി ലിയോൺ**

1. ഇന്ത്യയിൽ ശിശുദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?
2. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം എന്നാണ്?
3. ജവഹർലാൽ നെഹ്റുവിന്റെ ജന്മസ്ഥലം ഏത്?
4. അലഹാബാദിന്റെ പുതിയ പേര് എന്ത്?
5. ലോക ശിശുദിനം എന്ന്?
6. കേരള നിയമസഭയെ അഭിസംബോധന ചെയ്ത ആദ്യ പ്രധാന മന്ത്രി?
7. നെഹ്റു എന്ന പദത്തിന്റെ അർത്ഥം.
8. ജവഹർലാൽ അമർ ഹോ എന്ന മലയാള കവിത രചിച്ചതാര്?
9. എന്റെ ഗുരുനാഥൻ എന്ന് ജവഹർലാൽ നെഹ്റു വിശേഷിപ്പിച്ചത് ആരെയാണ്?
10. ഭയത്തിന്റേയും വെറുപ്പിന്റേയും മേൽ വിജയം നേടിയ മനുഷ്യൻ എന്ന് നെഹ്റുവിനെ വിശേഷിപ്പിച്ച വ്യക്തി ആര്?
11. ജവഹർലാൽ നെഹ്റു പങ്കെടുത്ത ആദ്യ കോൺഗ്രസ് സമ്മേളനം ഏത്?
12. ജവഹർ എന്ന അറബി പദത്തിന്റെ അർത്ഥം എന്ത്?
13. 'ഇന്ത്യയുടെ രത്നം' എന്ന് നെഹ്റു വിശേഷിപ്പിച്ച സംസ്ഥാനം ഏത്?
14. ജവഹർലാൽ നെഹ്റുവിന് ഭാരതരത്നം ലഭിച്ച വർഷം?
15. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന കായൽ ഏത്?

*(ഉത്തരങ്ങൾ : പേജ് 12)*

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**മാസാദ്യ വെള്ളി**

| വൈകീട്ട് 5.30ന് | വൈകീട്ട് 6 മണിക്ക് |
|---|---|
| ആരാധന, കുമ്പസാരം | വി. കുർബാന, ലദീഞ്ഞ്, നൊവേന |

*രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല*

6th

# HAPPY Birthday

21-11-2022



# Hazel Deryk

**D/o. DERYK SUNNY & ABITHA DERYK**
**Veerampully House**
**Kanippayoor P.O.**
**Kunnamkulam**

Best Compliments From
*Appappan & Ammamma*




HAPPY BIRTHDAY
1
05-11-2022
Elyzah Hazel M.
D/o. Maneesh Mani
& Varna Maneesh
Madathiparambil (H)
Santhi Nagar
Kunnamkulam
Best Compliments : Appa, Amma, Appapan, Ammama & Peppan


8th HAPPY BIRTHDAY
02-11-2022
ABINA C.S.
D/o. SIBI & SIMI
Chungath House
Chiralayam, Kunnamkulam
Best Compliments
ABIN, NAYANA
APPAPPA, AMMAMMA




**1. മദർ തെരേസയെക്കുറിച്ചുള്ള സിനിമയ്ക്ക് വലിയ സ്വീകരണം, രണ്ട് ദിവസനത്തിനകം നേടിയത് 1.2 മില്യൺ ഡോളർ, വരുമാനം മുഴുവനും ജീവകാരുണ്യ ശുശ്രൂഷയ്ക്കായി നീക്കിവെയ്ക്കും.**

വാഷിംഗ്ടൺ ഡി.സി. : അഗതികളുടെ അമ്മയായ കൊൽക്കത്തയിലെ വിശുദ്ധ തെരേസയുടെ ജീവിതം അവതരിപ്പിക്കുന്ന 'മദർ തെരേസ : നോ ഗ്രേറ്റർ ലവ്' എന്ന ഡോക്യുമെന്ററി സിനിമയ്ക്ക് വലിയ സ്വീകരണം. കേവലം രണ്ടു ദിവസത്തിനുള്ളിൽ 1.2 മില്യൺ ഡോളർ കളക്ഷൻ നേടിയെന്നും അണിയറപ്രവർത്തകർ വെളിപ്പെടുത്തുന്നു. പ്രദർശനത്തിലൂടെ ലഭിച്ച വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവിടുമെന്ന നിർമ്മാതാക്കളുടെ പ്രഖ്യാപനവും ശ്രദ്ധേയമായിക്കഴിഞ്ഞു.

ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ അല്മായ സംഘടനയായ 'നൈറ്റ്സ് ഓഫ് കൊളംബസ്' നിർമ്മിച്ച സിനിമ യു.എസ്സിലെ വിനോദ വ്യവസായ മേഖലയിൽ പ്രമുഖരായ 'ഫാത്തം ഇവന്റ്സ്' ആണ് വിതരണത്തിന് എത്തിച്ചത്. സിനിമയുടെ വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ച് നൈറ്റ്സ് ഓഫ് കൊളംബസ്' അദ്ധ്യക്ഷൻ പാട്രിക് കെല്ലി നടത്തിയ പ്രസ്താവനയിലാണ് പ്രദർശനത്തിൽനിന്നുള്ള വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്ന് വെളിപ്പെടുത്തിയത്.


**2. എൻഡോസൾഫാൻ ; സമരമുഖത്തുള്ള ദയാബായിക്ക് പിന്തുണ : കെ.സി.ബി.സി. ഐക്യജാഗ്രത കമ്മീഷൻ.**

എറണാകുളം : എൻഡോസൾഫാൻ പ്രശ്നത്തിൽ സമരമുഖത്തുള്ള ദയാബായിക്ക് പിന്തുണയുമായി കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ. ദുരിത ബാധിതരെ അവഗണിക്കുന്ന ഭരണകൂട നിലപാട് മനുഷ്യാവകാശ ലംഘനമാണെന്ന് കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ വ്യക്തമാക്കി. കാൽനൂറ്റാണ്ട് കാലത്തോളം കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വിഷമഴ പെയ്തതിന്റെ തുടർച്ചയായി അവിടെ സംഭവിച്ച ദുരന്തങ്ങളുടേയും ഉത്തരവാദിത്തം സർക്കാരിന് മാത്രമാണ്. 1976ൽ കാസർഗോഡ് ജില്ല

യിലെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കാൻ ആരംഭിച്ചത് സർക്കാരിന്റെ പ്ലാന്റേഷൻ കോർപ്പറേഷനാണ്. കീടനാശിനി കമ്പനികളുടെ മാനദണ്ഡങ്ങൾ പോലും പാലിക്കാതെ 12,000 ഏക്കർ സ്ഥലത്താണ് അപ്രകാരം കാൽനൂറ്റാണ്ട് കാലത്തോളം ഹെലികോപ്റ്റർ ഉപയോഗിച്ച് സർക്കാർ വിഷമഴ പെയ്യിച്ചത്. കണക്കുകൾ പ്രകാരം നിലവിൽ ആ പ്രദേശങ്ങളിൽ രോഗ ബാധിതരായി തുടരുന്നവരുടെ എണ്ണം 6727 ആണ്. തോട്ടം തൊഴിലാളികളിൽ തന്നെ എഴുപത് ശതമാനം പേരും രോഗബാധിതരാണ് എന്നാണ് റിപ്പോർട്ടുകൾ. രോഗബാധിതർക്ക് അഞ്ചുലക്ഷം രൂപ സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് 2017ൽ സുപ്രീംകോടതി വിധിച്ചിരുന്നു എങ്കിലും ബഹുഭൂരിപക്ഷം പേർക്കും ഇനിയും പരിമിതമായ ആ നഷ്ടപരിഹാരം പോലും ലഭിച്ചിട്ടില്ലെന്ന് പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. സമാനമായ ദുരിതത്തിൽ അകപ്പെട്ടിട്ടുള്ള കർണ്ണാടകയിലെ ഗ്രാമീണർക്ക് സുപ്രീംകോടതി അനുശാസിച്ചതു പ്രകാരമുള്ള നഷ്ടപരിഹാരവും പുനരധിവാസവും വർഷങ്ങൾക്കുമുമ്പേ കർണാടക സർക്കാർ ചെയ്തു നൽകിയ പശ്ചാത്തലത്തിൽ കേരള സർക്കാർ പുലർത്തിവരുന്ന നീതിനിഷേധം പ്രതിഷേധാർഹമാണ്.

**3. ഈശോയെ ഒത്തിരി സ്നേഹിച്ച മുന്നാസ്! കാൻസറിനെ പുഞ്ചിരിയോടെ നേരിട്ട് 'സ്വർഗത്തിൽ ചിൽ' ചെയ്യുന്ന 25 വയസ്സുകാരൻ മുന്നാസിനെ അനുസ്മരിച്ച് വൈദികൻ.**

തൃശൂർ : കൂടുതൽ ദുഃഖിക്കുന്നത് നിർത്തൂ... ഞാനിവിടെ സ്വർഗത്തിൽ ചില്ലിംഗ് ആണ്, ഡോണ്ട് വറി', എന്ന 25 വയസ്സുകാരൻ മുന്നാസിന്റെ ആത്മീയ ശക്തിയുടെ ഉറവിടം വെളിപ്പെടുത്തി വൈദികൻ നടത്തിയ അനുസ്മരണ സന്ദേശം ശ്രദ്ധേയമാകുന്നു. മൃതസംസ്കാര ശുശ്രൂഷാ മദ്ധ്യേ അവന്റെ സുഹൃത്തുകൂടിയായ ഫാ. ഡൊമിനി ചാഴൂരാണ് 'ഈശോയെ ഒത്തിരി സ്നേഹിച്ച മുന്നാസ്' എന്ന ആമുഖത്തോടെ മുന്നാസിന്റെ ദൈവവിശ്വാസത്തെക്കുറിച്ച് അനുസ്മരിച്ചത്. കഠിനമായ വേദനയ്ക്കിടയിലും ഈശോയെ അത്രമേൽ സ്നേഹിച്ച മുന്നാസ് ദൈവവചനത്തിൽ നിന്നും വിശുദ്ധ കുർബാനയിൽ നിന്നുമാണ് ശക്തിസംഭരിച്ചത്, ഫാ. ഡൊമിനി സാക്ഷിച്ചു. രോഗശയ്യയിലും കട്ടിലിനു സമീപം ബൈബിളും പ്രാർത്ഥനാപുസ്തകങ്ങളും മുന്നാസ് സൂക്ഷിച്ചിരുന്നതായി ഫാ. ഡൊമിനി ഓർത്തെടുത്തു. വിശുദ്ധ കുർബാന സ്വീകരിച്ച ശേഷം കുറേയേറെ സമയം മുന്നാസ് ഈശോയോട് പ്രാർത്ഥിക്കുമായിരുന്നു.



# സ്ക്രബ് ടൈഫസ്
## (ചെള്ളു പനി)

ഡോ. പോൾ സി. റാഫേൽ

സ്ക്രബ് ടൈഫസ് (ചെള്ളുപനി) രോഗം ബാധിച്ച് ഒന്നിലേറെ മരണങ്ങളാണ് ഈ അടുത്ത ദിവസങ്ങളിൽ തിരുവനന്തപുരത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ശരിയായ ചികിത്സ യഥാസമയം ലഭിച്ചാൽ ഏതാണ്ട് പൂർണ്ണമായും ഭേദമാക്കാവുന്നതും യഥാസമയം ചികിത്സ ലഭിക്കാത്തവരിൽ ഏതാണ്ട് നാൽപ്പത് ശതമാനം വരെ മരണ സാധ്യതയുള്ള രോഗമാണ് സ്ക്രബ് ടൈഫസ്. ഡോക്സിസൈക്ളിനാണ് (Doxycycline) ഇതിന് നല്കുന്ന മരുന്ന് നിലവിൽ പ്രതിരോധ വാക്സിൻ ലഭ്യമല്ല.

**എന്താണ് സ്ക്രബ് ടൈഫസ്?**

ഓറിയൻഷ്യ സുസുഗമുഷി (Orientia tsutgumushi) എന്ന ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നതു മൂലമുണ്ടാകുന്ന പകർച്ച വ്യാധിയാണ് സ്ക്രബ് ടൈഫസ് അഥവാ ചെള്ളുപനി.

പ്രധാനമായും എലി, അണ്ണാൻ, മുയൽ തുടങ്ങിയ ജീവികളുടേയോ പൂച്ച, നായ തുടങ്ങിയ വളർത്തുമൃഗങ്ങളുടെയോ ശരീരത്തിൽ കാണപ്പെടുന്ന പ്രത്യേകതരം ചെള്ളുകളിലൂടെയാണ് ഈ രോഗാണു മനുഷ്യരിലേക്ക് പകരുന്നത്.

മൃഗങ്ങളുള്ള പരിസരങ്ങളിൽ നിന്നോ അവയുടെ ചുറ്റുപാടുമുള്ള കുറ്റിച്ചെടികളിൽ നിന്നോ അവയുമായി അടുത്ത് ഇടപഴകുന്നവരുടെ ചർമ്മത്തിൽ ലാർവ ദശയിലുള്ള ചെള്ളുകൾ (Clugger mites) പറ്റിപ്പിടിക്കുകയും അങ്ങനെ ചെള്ളുകടിയേറ്റ ചർമ്മ ഭാഗത്ത് രൂപപ്പെടുന്ന വ്രണത്തിലൂടെ (eschar) രോഗാണു മനുഷ്യ ശരീരത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും. ചുവന്ന ചെറിയൊരു പാട് മാത്രമേ ചെള്ളുകടിയേറ്റ ഭാഗത്ത് തുടക്കത്തിൽ കാണുകയുള്ളൂവെങ്കിലും പിന്നീട് അതൊരു കറുത്ത വ്രണമായി മാറും.

**രോഗലക്ഷണങ്ങൾ**

ചെള്ളുകടിയേറ്റ് 10 മുതൽ 12 ദിവസം കഴിയുമ്പോഴാണ് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. പനി, തലവേദന, പേശിവേദന, ചുമ, വിറയൽ, ദഹന പ്രശ്നങ്ങൾ എന്നിവയാണ് സാധാരണ രോഗ ലക്ഷണങ്ങൾ. ചെള്ളു കടിയേറ്റ ഭാഗത്ത് ഉണ്ടാകുന്ന കരിഞ്ഞുണങ്ങിയ വ്രണം (എസ്കാർ) ഒരു പ്രധാന ലക്ഷണമായി കരുതുന്നു. ഏതാണ്ട് 40 മുതൽ 80 ശതമാനം രോഗികളിലും ഇതുഉണ്ടാവൻ സാദ്ധ്യതയുണ്ട്. കാൽമുട്ടിന്റെ മടക്കുകൾ, നാഭി, പൃഷ്ടം,

അരക്കെട്ട്, കക്ഷം, ജനനേന്ദ്രിയങ്ങൾ, കഴുത്ത് തുടങ്ങിയ ശരീര ഭാഗങ്ങളിലാണ് സാധാരണയായി എസ്കാർ കാണപ്പെടുന്നത്. ഇങ്ങനെ ഗോപ്യമായ ഭാഗങ്ങളിൽ കാണപ്പെടുന്നതുകൊണ്ട് എസ്കാർ പെട്ടെന്ന് തിരിച്ചറിയപ്പെടാതെ പോകാൻ സാധ്യതയുണ്ട്. പേശിവേദന, പാടുകൾ എന്നിവയാണ് മറ്റു ലക്ഷണങ്ങൾ.

കേരളത്തിൽ 75 ശതമാനവും കേസുകൾ തിരുവനന്തപുരം ജില്ലയിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. വയനാട്, കോഴിക്കോട്, കൊല്ലം, പത്തനതിട്ട, കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലും സ്ക്രബ് ടൈഫസ് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

**രോഗസ്ഥിരീകരണം**

പനിയും, കഴലവീക്കവും, 'എസ്കാറു'മുണ്ടെങ്കിൽ സ്ക്രബ് ടൈഫസ് സംശയിക്കാം. അതില്ലാത്തവരിൽ IgM ELISA പരിശോധന വഴിയും രോഗം സ്ഥിരീകരിക്കാം.

**ചികിത്സ**

സ്ക്രബ് ടൈഫസ് സംശയിക്കുന്ന രോഗികളിൽ തുടക്കത്തിൽ തന്നെ ഡോക്സിസൈക്ളിൻ ചികിത്സ നല്കണം. രോഗം സ്ക്രബ് ടൈഫസ് ആണെങ്കിൽ മരുന്ന് നല്കി 2-3 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ അപ്രത്യക്ഷമാകും. ഒരാഴ്ചകൊണ്ട് പൂർണ്ണമായി മാറും. തുടക്കത്തിൽ തന്നെ ചികിത്സ ലഭിച്ചില്ലെങ്കിൽ രോഗം ഗുരുതരമാവുകയും മരണകാരണമാവുകയും ചെയ്യാം. ന്യൂമോണിറ്റിസ്, എൻസെഫലൈറ്റിസ്, മയോ കാർഡൈറ്റിസ് എന്നിവ രോഗത്തിന്റെ അവസാന ഘട്ടത്തിലാണ് സംഭവിക്കുന്നത്.

**പ്രതിരോധം**

ചെള്ള് വഴി പകരുന്ന രോഗമായതുകൊണ്ട് കുറ്റിക്കാട് വെട്ടിതെളിക്കൽ, എലിനിയന്ത്രണം, ചെള്ള് നശിപ്പിക്കാൻ സ്പ്രേയിംഗ് എന്നിങ്ങനെ രോഗം പ്രതിരോധിക്കാം.

## ശിശുദിന ക്വിസ്സ് ഉത്തരങ്ങൾ

1. ജവഹർലാൽ നെഹ്റുവിന്റെ
2. 1889 നവംബർ 14
3. അലഹബാദ്
4. പ്രയാഗ് രാജ്
5. നവംബർ 20
6. ജവഹർലാൽ നെഹ്റു
7. കനാൽ
8. ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
9. രവീന്ദ്രനാഥ ടാഗോർ
10. വിൻസ്റ്റൺ ചർച്ചിൽ
11. 1912 ബന്ദിപൂർ സമ്മേളനം
12. അമൂല്യമായ രത്നം
13. മണിപ്പൂർ
14. 1955
15. പുന്നമടക്കായൽ



# രക്ഷ, ദൈവീകദാനം

റീന ടീച്ചർ

എന്നും രാവിലെ വി. ബലിയർപ്പിച്ച് പുറത്തിറങ്ങുന്ന ഒരമ്മച്ചി, ഒരു ദിവസം മറ്റൊരു അപ്പച്ചന്റെ മരണവാർത്തയ്ക്ക് പറഞ്ഞ കമന്റ് എന്നെ ചിന്തിപ്പിച്ചു. “ആ അപ്പച്ചൻ രക്ഷപ്പെട്ടു!, ജീവിച്ചിരിക്കുന്നവരാരും രക്ഷപ്പെടില്ല.” ജീവിതത്തിലെ വേദനിക്കുന്ന സന്ദർഭങ്ങളിൽ, അന്നുവരെ നമുക്ക് ഈശോയിൽ ലഭിച്ച നന്മകളെ മറന്ന്, അവിടുത്തെ വചനത്തെ മറന്ന്, ആവർത്തിച്ച് പറയുന്ന കാര്യമാണ്, ‘ഞാൻ രക്ഷപ്പെടില്ല കാരണം ചുറ്റുമുള്ളവർ നന്നാകുന്നില്ല; അതുമല്ലെങ്കിൽ, ഈ അവസ്ഥയിൽ നിന്ന് എനിക്ക് മോചനമില്ല എന്ന്.

പ്രിയ സഹോദരങ്ങളെ, മാമോദീസ സ്വീകരിക്കുക വഴി കുരിശുമരണത്തിലൂടെ ഈശോ നേടിതന്ന രക്ഷയ്ക്ക് നാം അർഹരാണ്. വിശ്വാസവും പ്രത്യാശയുമില്ലാതെ, പൂർണ്ണഹൃദയത്തോടെ ഈശോയെ ചേർത്ത് പിടിക്കാതെ, ദുരാഗ്രഹത്തിനും സ്വാർത്ഥതയ്ക്കും അസൂയയ്ക്കും ജഡിക പ്രവണതകൾക്കും അടിമപ്പെട്ട്, പിശാചിന്റെ ചിന്തകൾക്ക് സ്വയം വിട്ടുകൊടുത്ത് ജീവിച്ചാൽ കുരിശിലെ രക്ഷ എങ്ങനെ സ്വീകരിക്കാനാകും? ആകയാൽ ഈശോ പറയുന്നു, “നിന്നെകുറിച്ച് എനിക്കൊരു പദ്ധതിയുണ്ട്. അത് നാശത്തിനുള്ളതല്ല, മറിച്ച് നിന്റെ ക്ഷേമത്തിനുള്ളതാണ്.” ജീവിതത്തിൽ എന്തും സംഭവിക്കട്ടെ, എല്ലാവരും വെറുക്കട്ടെ; നിന്റെ ആനന്ദം ഈശോയിലാണെങ്കിൽ, നിന്റെ പ്രത്യാശയും വിശ്വാസവും അവിടുത്തെ വചനത്തിലാണെങ്കിൽ, നിന്റെ ഇഷ്ടം ഈശോയുടെ ഹിതത്തിന് ആമേൻ, അഥവാ അപ്രകാരമാകട്ടെ, അല്ലെങ്കിൽ ഇതാ കർത്താവിന്റെ ദാസീ എന്നീ പ്രയോഗങ്ങളാണെങ്കിൽ തീർച്ചയായും, വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പ്രത്യാശാനിർഭരമായ രക്ഷ ഈ ജീവിതത്തിൽ തന്നെ നാം പ്രാപിക്കും.

“ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു”. (റോമ. 8:28) എന്റെ ഏറ്റവും സ്നേഹമുള്ള മാതാപിതാക്കന്മാരെ, നിങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള ദൈവപദ്ധതിക്ക് അവരെ വിട്ടുകൊടുത്ത്, പ്രാർത്ഥിച്ച്, പ്രത്യാശയോടെ, ക്ഷമയോടെ, സ്നേഹത്തിലും ഉപദേശത്തിലും വളർത്തി, ബാക്കിയെല്ലാം ദൈവകരങ്ങളിലേൽപ്പിച്ച്, അവരുടെ നല്ല ഭാവിയ്ക്കായ് ഈശോയിൽ കാത്തിരിക്കുന്ന നമ്മുടെ ആ നല്ല മാതൃക നമ്മുടെ

മക്കൾ കണ്ട് വളരുമ്പോൾ, തുറന്ന ഹൃദയവും സന്തോഷവും ഉള്ള നല്ല മക്കളെ ദൈവം നമുക്കായി നൽകുന്നു. മക്കളെകുറിച്ചുള്ള നമ്മുടെ ഉത്കണ്ഠകളും ആകുലതകളും അവരിൽ ദൈവവിശ്വാസ മില്ലായ്മയും ഭയവും ജനിപ്പിക്കുന്നു.

"നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദി ച്ചുകൊള്ളുക; നിങ്ങൾക്ക് ലഭിക്കും" (യോഹ 15:7) ആഗ്രഹിക്കു ന്നതും അതിലധികവും കൊടുത്ത് രക്ഷിക്കാൻ തയ്യാറായി നിൽക്കുന്ന നമ്മുടെ കർത്താവായ ഈശോ പറയുന്ന വ്യവസ്ഥ ഒന്ന് മാത്രം. അവിടുത്തെ മാറിടത്തിലേക്ക് ചേർന്ന് കിടന്ന്, അവിടുത്തെ വചനം സ്വായത്തമാക്കാൻ പരിശ്രമിച്ച്, പാപത്തെക്കുറിച്ച് പശ്ചാത്ത പിച്ച്, എല്ലാവരോടും ക്ഷമിച്ച് സ്നേഹിക്കുക; കരുണയുള്ളവരാ കുക; അയൽക്കാരന്റെ ആവശ്യങ്ങൾ സ്വന്തമെന്ന് കരുതുക. പ്രിയ ദമ്പതിമാരെ, ഈശോ നമ്മെ യോജിപ്പിച്ചെങ്കിൽ അവിടുത്തേക്ക് തെറ്റ് പറ്റിയിട്ടില്ല. ക്രിസ്തു സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ഭർത്താവിനോടുള്ള വിധേയത്വം തന്നെയാണ് ഈശോ ഭാര്യമാരിൽനിന്ന് ആഗ്രഹിക്കുന്നത്; ഒപ്പം ഭർത്താക്കന്മാർ സ്വന്തം ശരീരത്തെ സ്നേഹിക്കുന്ന അതേ ശ്രദ്ധ യോടെ, ബാക്കി എല്ലാവരേയും വിട്ട് ഭാര്യയെ സ്നേഹിക്കണം. ഇങ്ങനെ ദൈവവചനത്തെ മുറുകെപിടിച്ച് ജീവിക്കാൻ പരിശ്രമിക്കു മ്പോൾ മാത്രമാണ്, യേശു സഹനത്തിലൂടെ നേടിതന്ന രക്ഷ, നമ്മുടെ സഹന ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നതും, നാം ചോദി ച്ചതിനുമപ്പുറത്തേയ്ക്കുള്ള രക്ഷപ്പെടൽ സാധ്യമാകുന്നതും.


ആകയാൽ നമ്മുടെ ആത്മാവിൽ വാഴുന്ന നല്ല ഈശോയ്ക്ക് സദാസമയവും സ്തുതികളർപ്പിച്ച്, അൾത്താരയിൽ ബലികളർപ്പിച്ച്, ആ തിരുരക്തത്താൽ നിത്യേന പാപങ്ങൾ കഴുകി പാപമോചനം നേടി, അപ്പത്തിൽ വാഴുന്ന ഈശോയോടൊപ്പം ഈ ഹൃസ്വജീവിതം മുന്നോട്ട് നയിക്കാനുള്ള ശക്തിയ്ക്കായ് പരി. അമ്മ യോട് മാധ്യസ്ഥം യാചിച്ചുകൊണ്ട്, പരിശുദ്ധാത്മനിറവിനുടമയായ് ജീവിക്കാൻ ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

## ഇടവക പ്രതിനിധി യോഗം

**2022 നവംബർ 20 ഞായർ രാവിലെ 7.30ന്**

# The Little Lilly and Her Guardian Angel



*Le Reine Pius*

Once upon a time when it was spring in Italy, a baby girl was born and her parents named her Lilly. When she grew up, she was kind to others and helped others who were in need of help. She was beautiful like a white lily flower. Everyone adored her so much. She loved Jesus and other saints. She used to pray to Jesus always. Her greatest wish was that she wanted to see Jesus one day, be his friend and be a saint and die for people, like what Jesus did. Her parents loved her so much. When she was 12 years old, one night there was heavy rain and thunder. Lilly's parents were sleeping but Lilly could not sleep as she was scared of the thunder sound, so she knelt down on her mat and prayed to Jesus, to protect her and her family. Suddenly an angel appeared infront of Lilly and she was surprised. She asked the angel "Who are you? The angel replied, "I am your friend and guardian angel, don't be scared of thunder." I will protect and stay with you. Lilly felt very comfortable in the company of the angel. Lilly felt so good about the angel's visit and she asked the angel to stay with her forever. But the angel said to Lily she can't stay with Lily in the outside world, but the angel can stay inside the heart of Lilly forever and help her. Lilly was confused and asked the angel how it was possible. The angel explained to Lilly that every child sent to the earth is accompanied by a guardian angel to protect them from all the dangers. Whenever a child with a pure and kind heart seeks help from Jesus, Jesus gives permission to the angel to go outside of the heart and help the child. Angel helped Lilly to understand how much Jesus loves children like Lilly. Lilly thanked Jesus for listening to her prayer and giving her guardian angel permission to visit Lilly.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 06-11-2022 | 3.00 pm | സെന്റ് ജോസഫ് | കിഴക്കൂട്ട് ഫ്രാൻസീസ് ജോസ്സി<br>(നെഹ്റു നഗർ, 4th അവന്യൂ, ഇട്ടിമാണി ഹോസ്പിറ്റലിന് സമീപം) |
| 06-11-2022 | 4.30 pm | മേരി മാത | ചുങ്കത്ത് ബേബി രാജു<br>(മെയിൻ റോഡ്, കാണിപ്പയ്യൂർ, പെൻകോ മാർബിളിന് സമീപം) |
| 13-11-2022 | 3.00 pm | സെന്റ് ആന്റണീസ് | ചീരൻ മാത്യു ഫ്രാൻസീസ്<br>(കക്കാട്, മുനിമടയ്ക്ക് സമീപം) |
| 13-11-2022 | 4.30 pm | സെന്റ് തോമസ് | തെക്കേക്കര ജോർജ്ജ് ലിയോൺ<br>(അഞ്ചങ്ങാടി റോഡ്, വൈശ്ശേരി) |
| 20-11-2022 | 3.00 pm | സെന്റ് ജോർജ്ജ് | പുലിക്കോട്ടിൽ കൊച്ചപ്പൻ റൊണാൾഡ്<br>(കാർഗ്ഗിൽ നഗർ, അടുപ്പുട്ടി പള്ളിക്ക് സമീപം) |
| 20-11-2022 | 4.30 pm | സെന്റ് സേവ്യർ | വാഴപ്പിള്ളി റോസിലി ആന്റണി<br>(എം.സി. അവന്യൂ, ഗുരുവായൂർ റോഡ്, കുന്നംകുളം) |

## ആദരാഞ്ജലികൾ



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
വിശ്വാസപരിശീലകനായി സേവനം ചെയ്ത

**ബ്രദർ ബിജോ പാലംപുരയ്ക്കലിന്**

ഇടവകയുടെയും, ടച്ച്-മീയുടെയും
ആദരാഞ്ജലികൾ...

## ഓർമ്മിക്കേണ്ട ദിനങ്ങൾ

നവംബർ

| | | |
|---|---|---|
| 1 | ചൊവ്വ | സകല വിശുദ്ധരുടേയും തിരുനാൾ |
| 2 | ബുധൻ | സകല മരിച്ചവരുടേയും ഓർമ |
| 4 | വെള്ളി | മാസാദ്യ വെള്ളി |
| 5 | ശനി | വി. സഖറിയായും വി. ഏലിശ്വായും<br>സെൻ്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 6 | ഞായർ | പള്ളിക്കൂദാശ രണ്ടാം ഞായർ |
| 8 | ചൊവ്വ | കക്കാട് സെൻ്റ് ആൻ്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 13 | ഞായർ | പള്ളിക്കൂദാശ മൂന്നാം ഞായർ |
| 20 | ഞായർ | പള്ളിക്കൂദാശ നാലാം ഞായർ |
| 21 | തിങ്കൾ | മാർത്തോമ്മാ ശ്ലീഹായുടെ ഭാരത പ്രവേശനം |
| 27 | ഞായർ | മംഗളവാർത്ത ഒന്നാം ഞായർ |
| 30 | ബുധൻ | അന്ത്രയോസ് ശ്ലീഹ |

ഡിസംബർ

| | | |
|---|---|---|
| 1 | വ്യാഴം | ഇരുപത്തഞ്ച് നോമ്പാരംഭം |
| 2 | വെള്ളി | മാസാദ്യവെള്ളി |
| 3 | ശനി | വി. ഫ്രാൻസീസ് സേവ്യർ<br>സെൻ്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 4 | ഞായർ | മംഗളവാർത്ത രണ്ടാം ഞായർ |

## ആദരാഞ്ജലികൾ



നമ്മുടെ ഇടവക വികാരി റവ. ദാവീദ് വിതയത്തിൽ അച്ചൻ്റെ
വാത്സല്യ മാതാവ്

### കത്രീന പോൾ വിതയത്തിലിന്

ഇടവകയുടെയും, ടച്ച്-മീയുടെയും
ആദരാഞ്ജലികൾ...

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**

# ഇടവകദിനം
# അനുമോദന സമ്മേളനം

## വിശ്വാസപരിശീലന, ഭക്തസംഘടന, കുടുംബകൂട്ടായ്മ

# സംയുക്ത വാർഷികം

**2023 ജനുവരി 8 ഞായർ**

### ആഘോഷകമ്മിറ്റി

| | | |
|---|---|---|
| ജന. കൺവീനർ | : | എം.എൽ. സുനിൽ |
| ജോ. കൺവീനർ | : | വി.ജെ. സുനിൽ |
| സെക്രട്ടറി | : | തോംസൺ തച്ചിൽ |
| പി.ആർ.ഒ. | : | വി.സി. ജോസി |

*പ്രോഗ്രാം*

| | | |
|---|---|---|
| കൺവീനർ | : | കെ.ജി. ബാബു |
| ജോ. കൺവീനർ | : | ജിനി ജെയ്മോൻ |
| അംഗങ്ങൾ | : | പി.എ. ലില്ലി<br>ആനന്ദി സുനിൽ<br>റിയാ മിക്കി<br>ചേതന സജി<br>ജെസ്ന സി.ജെ. |

*റിസപ്ഷൻ*

| | | |
|---|---|---|
| കൺവീനർ | : | സി.ഒ. ആന്റണി |
| ജോ. കൺവീനർ | : | ഷോബി റൊണാൾഡ് |
| അംഗങ്ങൾ | : | രാജു ബി. ചുങ്കത്ത്<br>അനി ലിയോൺ |

*ലിറ്റർജി*

| | | |
|---|---|---|
| കൺവീനർ | : | റവ. സി. സുപ്പീരിയർ ആൻജോസ് |
| അംഗങ്ങൾ | : | വി.എ. ഉല്ലാസൻ<br>എം.ജെ. അഭിലാഷ് |

*അലങ്കാരം*

| | | |
|---|---|---|
| **കൺവീനർ** | : | **ജാൻസി ആന്റോ** |
| **ജോ. കൺവീനർ** | : | **മിനിപോൾ** |
| അംഗങ്ങൾ | : | അലങ്കാരകമ്മിറ്റി അംഗങ്ങൾ |

*റിഫ്രഷ്മെന്റ്*

| | | |
|---|---|---|
| **കൺവീനർ** | : | **പി.ആർ. സജി** |
| **ജോ. കൺവീനർ** | : | **എം.കെ. ദേവസ്സി** |
| അംഗങ്ങൾ | : | സി.എൻ. ഇമ്മാനുവേൽ<br>കെ.ടി. ബൈജു<br>കെ.എൽ. ലോയ്ഡ്<br>ജെറിൻ ജെയ്മോൻ<br>പയസ് ജേബി |

*വളണ്ടിയർ*

| | | |
|---|---|---|
| **കൺവീനർ** | : | **എം.എൽ. മാണി** |
| **ജോ. കൺവീനർ** | : | **ജോൺസൺ പാവു** |
| അംഗങ്ങൾ | : | ബെന്നി മാത്യു<br>എം.വി. ജോർജ്ജ്<br>വി.ഡി. ജെയ്മി<br>പി.ജെ. ടോണി<br>പി.ജെ. ജിൻസൺ<br>ജസീന്ത ഷാജു<br>ജാൻസി ജോപ്പി<br>ലാലി വിനയൻ<br>ഡോ. ഹനീനി ജോഫി |



# അഭിനന്ദനങ്ങൾ

മറ്റം ഫൊറോന
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
ജോ. കൺവീനറായി തെരഞ്ഞെടുത്ത

**തെക്കേക്കര ജോർജ്ജ് ലിയോണിന്**

ഇടവകയുടെ അഭിനന്ദനങ്ങൾ

# Women who go to church 'are less likely to die early'

*Daily Mall Reporter*

GOING to church is good for women's health and can cut the risk of dying early by a third.

Attending Just once a week is linked to a lower risk of death from all causes, a US study showed.

Researchers say they do not know why, but expect it has to do with optimism and a sense of com munity overcoming the effects of stress and depression.

Women who went to church more than once a week had a 33 per cent lower risk of death during the 16 year study compared with women who never went to church.

Those who went weekly had a 26 per cent lower risk and those who attended services less than weekly had a 13 per cent lower risk.

Dr Tyler VanderWeele, a profes sor of epidemiology of the Har vard T.H. Chan School of Public Health In Boston, looked at the church-going of protestant and Roman Catholic nurses.

Writing in JAMA Internal Medi cine, he said: 'Part of the benefit seems to be that attending religious services increase social support, discourages smoking, decreases depression, and helps people develop a more optimistic or hopeful outlook on life.'



## ഞാൻ വരവായ്

- മുരിങ്ങാത്തേരി ബിജോ + റോസ്മിൻ
  മകൾ **അന്ന (ലെനോറ)**
- തെക്കുംപുറം ബിനോയ് + കവിത
  മകൻ **അന്തോണീസ് (ആൻവിൻ)**

# വി. കൊച്ചുത്രേസ്യ യേശുവിനെ പ്രണയിച്ചവൾ



സിസ്റ്റർ സാനി തെരേസ്

എന്റെ ദൈവവിളി സ്നേഹമാകുന്നു എന്ന് ജീവിതം കൊണ്ട് പ്രഘോഷിച്ചവൾ. അതെ ദൈവത്തിന്റെ സ്നേഹം, പ്രണയം തിരിച്ചറിഞ്ഞവളായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. "അവൻ മലമുകളിലേയ്ക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. (മർക്കോ 3:13) യേശുവിന്റെ സ്നേഹത്തിന് പ്രത്യുത്തരമായി പതിനഞ്ചാം വയസ്സിൽ കർമ്മലമഠത്തിൽ ചേരുവാൻ ആഗ്രഹിച്ച കൊച്ചുത്രേസ്യ തന്റെ ആഗ്രഹപൂർത്തീകരണത്തിനായ് റോമിൽ പരിശുദ്ധപിതാവിന്റെ പക്കൽ വരെ പോകുവാൻ തയ്യാറായി. ലൂയിമാർട്ടിന്റേയും സെലിഗ്വെരിന്റെയും ഒമ്പതുമക്കളിൽ ഇളയവളായ ചെറുപുഷ്പത്തിന്റെ അമ്മ ചെറുപ്പത്തിൽ തന്നെ മരണമടഞ്ഞു. പിന്നീട് പിതാവിന്റേയും സഹോദരങ്ങളുടേയും സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച് വളർന്ന കൊച്ചുത്രേസ്യ തന്റെ ജീവിതത്തിൽ പിതാവിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "ഒരു പുണ്യവാന്റെ പ്രാർത്ഥന എപ്രകാരമെന്ന് പഠിക്കുവാൻ എന്റെ പിതാവിനെ നോക്കിയാൽ മതിയായിരുന്നു" നിരന്തരമായ ദൈവസാന്നിദ്ധ്യാവബോധത്തിൽ വളരുവാൻ, സ്വർഗ്ഗത്തിലേയ്ക്കുള്ള കുറുക്കുവഴി കണ്ടെത്താൻ അവരെ സഹായിച്ചത് വിശുദ്ധരായ മാതാപിതാക്കളായിരുന്നു. വിശുദ്ധ എഴുതി, ഭൂമിക്ക് എന്നതിനെക്കാൾ സ്വർഗ്ഗത്തിന് യോഗ്യരായ മാതാപിതാക്കളെയാണ് ദൈവം എനിക്ക് നൽകിയത്. അവർ എന്നെ ഇങ്ങനെ പഠിപ്പിച്ചു. "സ്വർഗ്ഗമാണ് നമ്മുടെ വീട്, അവിടെ ദൈവം വസിക്കുന്നു. മരണംവരെ ദൈവത്തെ പൂജിക്കണം..."

ക്രിസ്തീയ കുടുംബജീവിതം എങ്ങനെയായിരിക്കണമെന്ന് കൊച്ചുത്രേസ്യയുടെ കുടുംബം നമ്മെ പഠിപ്പിക്കുന്നു. പ്രഭാതത്തിലെ ദിവ്യബലിയർപ്പണവും ഒരുമിച്ചുള്ള സന്ധ്യാപ്രാർത്ഥനയും ഭക്ഷണവും പങ്കുവെയ്ക്കലുകളുമാണ് ഈ കുടുംബത്തെ സ്നേഹത്തിൽ വളർത്തിയതും ഒന്നിപ്പിച്ച് നിർത്തിയതും. തന്റെ പ്രിയപ്പെട്ട മകളുടെ വേർപാട് വേദനാജനകമാണെങ്കിൽ ആ സഹനം ദൈവത്യ കരങ്ങളിൽനിന്ന് ഏറ്റെടുത്ത് കർമ്മലമഠപ്രവേശനത്തിനുള്ള അനു

മതിയ്ക്കായ് മകളെയുംകൊണ്ട് മാർപാപ്പയുടെ പക്കൽവരെ പോകുവാൻ ആ പിതാവ് തയ്യാറായി. അങ്ങനെ പരിശുദ്ധ പിതാവിന്റെ പ്രത്യേക അനുവാദത്തോടെ പതിനഞ്ചാം വയസ്സിൽതന്നെ യേശുവിനോടുള്ള സ്നേഹത്തെ പ്രതി പ്രിയപ്പെട്ടവരെയെല്ലാം ഉപേക്ഷിച്ച് കൊച്ചുത്രേസ്യ ലിസ്യുവിലെ കർമ്മലമഠത്തിൽ പ്രവേശിച്ചു.

വിശുദ്ധ എഴുതി "യേശുവിനെ ഹൃദയത്തിന്റെ സർവ്വശക്തിയോടും കൂടെ സ്നേഹിക്കുക; അവിടുന്ന് സ്നേഹക്കപ്പെടേണ്ടതിനായി, അവിടുത്തേയ്ക്കുവേണ്ടി ആത്മാക്കളെ രക്ഷിക്കുവാൻ" തന്റെ ആത്മമണവാളനായ യേശുവിന് ആത്മാർപ്പണം ചെയ്ത ചെറുസൂനം കർമ്മലമഠത്തിന്റെ കനത്തഭിത്തിക്കുള്ളിൽ പ്രാർത്ഥനയുടെ, പരിത്യാഗത്തിന്റെ, സഹനത്തിന്റെ പുതിയ കുറുക്കുവഴികൾ കണ്ടെത്തി. വേദനകളെ പുഷ്പങ്ങളാക്കി മാറ്റിയ ചെറുപുഷ്പം ഇന്ന് സ്വർഗ്ഗത്തിൽ നിന്ന് റോസാപുഷ്പങ്ങൾ വർഷിക്കുകയാണ്. വലിയ ചരിത്രസംഭവങ്ങളിലൂടെ കടന്നുപോകാതെ വിശുദ്ധയായവൾ.

കന്യകാമഠത്തിന്റെ മതിൽക്കെട്ടിനുള്ളിൽ മാത്രം ജീവിച്ച് പ്രേഷിതരുടെ മധ്യസ്ഥയായവൾ. ദൈവശാസ്ത്ര ഗ്രന്ഥങ്ങളൊന്നും രചിക്കാതെ വേദപാരംഗതയായവൾ.

വിശുദ്ധ ചെറുപുഷ്പം നമ്മെയും ക്ഷണിക്കുന്നു. യേശുവിന്റെ പ്രേഷിതരാകുവാൻ. യേശുവിന്റെ വിളിയ്ക്കായ് കാതോർക്കാം.. സന്തോഷത്തോടെ പ്രത്യുത്തരമേകാം....

# അഭിനന്ദനങ്ങൾ

**മറ്റം ഫൊറോന കാറ്റികെറ്റിക്കൽ കൗൺസിലിലേക്ക്**
**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നിന്നും**
**അദ്ധ്യാപക – രക്ഷാകർത്തൃ – വിദ്യാർത്ഥി പ്രതിനിധികളായി തെരഞ്ഞെടുത്ത**





**പി.ജെ. ടോണി** **സ്നേഹ ലോയ്ഡ്**

**എന്നിവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ**

# പുസ്തക പരിചയം



**സിസ്റ്റർ ഗീതി മരിയ**

## നിദ്ര


Eternal Journey to the Father's Lap അഥവ നിദ്ര എന്ന പുസ്തകമാണ് ഇന്ന് പരിചയപ്പെടുത്തുന്നത്. 11 അധ്യായങ്ങളിലായി വളരെ സുന്ദരമായ ഭാഷയിൽ ഗ്രന്ഥ കർത്താവ് ഈ കൃതി രചിച്ചിരിയ്ക്കുകയാണ്. സമയത്തിന്റെ തടങ്കലിൽ നിന്ന് സമയാതീതമായ നിത്യതയിലേയ്ക്കുള്ള വാതിലാണ് മരണം. നിത്യ ജീവനും സ്വർഗ്ഗവുമൊക്കെ വിശ്വാസപ്രമാണത്തിന്റെ ഭാഗങ്ങളായിരുന്നിട്ടും ബഹുഭൂരിപക്ഷം മനുഷ്യരും സ്വർഗ്ഗത്തിൽ പോകാൻ കൊതിക്കുന്നില്ല, എന്നതൊരു വൈരുദ്ധ്യമല്ലേ? എങ്ങനെയും ഈ ഭൂമിയിൽ കടിച്ചുതൂങ്ങിക്കിടക്കാനാണ് സകലരുടേയും ആശ.

മരണം കടന്നുവരുന്ന യുക്തിരഹിതമായ മാർഗ്ഗങ്ങൾ മുതൽ വിശുദ്ധരുടെ മരണം വരെ ഇതിലുണ്ട്. നല്ല മരണത്തിനൊരുങ്ങാനുള്ള പ്രാർത്ഥനകൾ പോലും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതുവായിക്കുന്ന എല്ലാവർക്കും മരണത്തെ ഭയപ്പെടാതെ ജീവിക്കാനുള്ള കൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും നിത്യതയുടെ തുറമുഖത്ത് അവരെ കണ്ടുമുട്ടാൻ ഇടവരട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

| | |
|---|---|
| **പുസ്തകത്തിന്റെ പേര്** | : **നിദ്ര** |
| **ഗ്രന്ഥകർത്താവ്** | : **വിനായക് നിർമൽ** |
| **പ്രസിദ്ധീരണം** | : **സോഫിയാ ബുക്സ്** |
| **വില** | : **160/-** |
| **ഫോൺ** | : **04951 2373077, 9995574308** |

## ഞാൻ യാത്രയായ്



**കൊള്ളന്നൂർ ബാബു ജിജോ** (57 വയസ്സ്)

04-10-2022

(സെന്റ് തോമസ് കുടുംബകൂട്ടായ്മ)

**ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ
മറ്റം ഫൊറോന തലത്തിൽ നടത്തിയ
അൾത്താരസംഘം കലോത്സവത്തിൽ**

## വിജയികളായവർക്ക് അഭിനന്ദനങ്ങൾ



മൈം I[st] **അമൽ ദേവ് കെ.ജെ., ആൽവിൻ സി.കെ., നിധിൻ പി.ബി.
ജെസ്വിൻ കെ.ജെ.,റഹാൻ പുത്തനങ്ങാടി,
അമൽ റോഷ്, ആലൽഡ്രിൻ എ. സജി**


ഫേൻസി ഡ്രസ്സ് I[st] **അമൽ റോഷ്**


ബൈബിൾ പാരായണം III[rd] **ആൻവിൻ സി.എസ്.**


**തൃശൂർ അതിരൂപതാ ചിൽഡ്രൻസ് മിനിസ്ട്രി കലോത്സവത്തിൽ
മൈമിൽ സി ഗ്രേഡ് നേടിയ കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക**



## അൾത്താര ബാലന്മാർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ


27
Happy Wedding Anniversary
19-11-2022
Rojan Rocky
Sheeba Rojan
Thalakkoottoor House
Near Royal Hospital - Kunnamkulam
Best Compliments From
Family & Friends


33
YEARS
ANNIVERSARY
CELEBRATION
19-11-2022
Sebastian
Rosemary
Kallachenmuri House
Chiralayam, Kunnamkulam
Best Compliments From
Blessy, Robin, Angelo | Anju, Nectar | Chinju, Jith, Giabel Jith


18th
Happy
Birthday
19-11-2022
Alphin P. Ronald
S/o. Mr. Ronald &
Mrs. Shoby Ronald
Pulikkottil House
Kanippayoor - Kunnamkulam
Best Compliments From
ASHLIN P. RONALD


6
Happy
Wedding
Anniversary
20-11-2022
Jijoy
&
Anjana
Wishes From:
Appachan, Ammachi, Vava & Praveen



# ബൈബിളിലൂടെ

ഡേവി

വാസ്തവത്തിൽ ഈ ജീവിതത്തിൽ നമുക്ക് നൽകപ്പെട്ട ആത്മാവൊഴികെ യാതൊന്നും നമുക്ക് സ്വന്തമായിട്ടില്ല എന്നതാണ് സത്യം ബുദ്ധിവൈഭവം, സൗന്ദര്യം, ആരോഗ്യം കലാപരമായ കഴിവുകൾ ഇതെല്ലാം ദൈവത്തിന്റെ ദാനമാണ്. ഇവയിലൊന്നും നമുക്ക് അഹങ്കരിക്കാനില്ല. ഓരോരുത്തർക്കും നൽകപ്പെട്ടിട്ടുള്ള കഴിവുകളും ദൈവീക കൃപകളും വ്യത്യസ്ഥമാണ്. നാമെല്ലാം പരസ്പര പൂരകങ്ങളായി വർത്തിക്കണം എന്നതാണ് ദൈവഹിതം. ജന്മനാ തന്നെ ശാരീരികമായും മാനസികമായും വൈകല്യമുള്ള എത്രയോ പേർ നമ്മുടെ ചുറ്റും ജീവിക്കുന്നുണ്ട്. അവരുടെ കഴിവുകേടുകൊണ്ടല്ല അവർ അങ്ങനെ ജനിക്കാൻ ഇടയായത്. നമ്മുടെ കഴിവുകൾ സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കാതെ അവർക്കുകൂടി പ്രയോജനപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ജനനം മുതൽ മരണം വരെ നാം ശാരീരികമായും മാനസികമായും എത്രയോ മാറ്റങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു! ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല എന്നു ചുരുക്കം. എത്രയോ പേർ നമുക്ക് ചുറ്റും അന്യന്റെ കിഡ്നിയും, കരളും ഹൃദയവുമൊക്കെ വെച്ച് പിടിപ്പിച്ച് ജീവിക്കുന്നുണ്ട്? നാം നമ്മുടേതെന്ന് കരുതിയിരുന്ന ഈ അവയവങ്ങളൊക്കെ എവിടെയാണെന്നോ അവയ്ക്ക് എന്ത് സംഭവിച്ചുവെന്നോ നാം അറിയുന്നില്ല. എന്തിനേറെ പറയുന്നു, ഒരു മുടിയിഴപോലും നമുക്ക് സ്വന്തമായിട്ടില്ല എന്നതാണ് വാസ്തവം.

മനുഷ്യനിൽ പൊതുവേ കണ്ടുവരുന്ന ഒരു മനോഭാവമാണ് ഈ ലോകസുഖങ്ങൾക്കുവേണ്ടി ജീവിക്കുക എന്നത്. നമ്മുടെ ദൈവത്തോടുള്ള ഭക്തിയും ആദരവും ബഹുമാനവുമൊക്കെ കൂടുതലായും ഈ ഒരു ചിന്തയിൽ നിന്നാണ് ഉടലെടുക്കുന്നത്. നമ്മുടെ

## ഞങ്ങൾ ഒന്നായി



✤ ഈ ഇടവക ചുങ്കത്ത് ടോണി + റീന മകൻ **മാർട്ടിൻ**
കുളങ്ങാട്ടുകര ഇടവക പൊറത്തൂർ ഷാജു + ഷേർളി മകൾ **സ്നേഹ മരിയ**

നേർച്ചകാഴ്ചകളും വഴിപാടുകളും പ്രാർത്ഥനകളുമെല്ലാം ഈയൊരു കാഴ്ചപ്പാടിലാണ് ഭൂരിപക്ഷവും നടക്കുന്നത്. അതിനപ്പുറം ആത്മീയ തലത്തിലേക്ക് നമ്മുടെ മനസ്സ് കടക്കുന്നില്ല എന്നതാണ് സത്യം. കുറെ ആചാര അനുഷ്ഠാനങ്ങളിലും അധരവ്യായാമം മാത്രമായ പ്രാർത്ഥനകളിലും നാം സംതൃപ്തി അടയുന്നു. അധരത്തിലൂടെ. എന്താണ് ഉരുവിട്ടുകൊണ്ടിരിക്കുന്നതെന്ന് പലപ്പോഴും മനസ്സ് അറിയുന്നുപോലുമില്ല. ഒരു ടേപ്പ്റിക്കോർഡർ ഓൺചെയ്ത് വെച്ചതുപോലെ അധരത്തിലൂടെ പ്രാർത്ഥനകൾ ഒഴുകിക്കൊണ്ടിരിക്കും. മനസ്സാണെങ്കിൽ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വിവിധ മേഖലകളിൽ അലയുകയായിരിക്കും. നമ്മിൽ ഭൂരിപക്ഷത്തിന്റേയും പ്രാർത്ഥനയുടെ രീതി ഇതാണ്. രണ്ടു വഞ്ചിയിൽ കാലിട്ടതുപോലെയാണ് നമ്മുടെ ജീവിതം.

*(തുടരും...)*

# അഭിനന്ദനങ്ങൾ




*തൃശൂർ ജില്ലാ സ്കേറ്റിങ് റോൾ ബോൾ ചാമ്പ്യൻഷിപ്പിൽ മിനി ആൺകുട്ടികളുടെ വിഭാഗത്തിൽ ഓവറോൾ കിരീടം നേടിയ ആർത്താറ്റ് CBSE ഹോളി ക്രോസ് സ്കൂൾ ടീമിലെ ലെവിൻ ലിയോൺ.*

*തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന 18 - ാമത് കേരള സംസ്ഥാന സ്കേറ്റിങ് റോൾബോൾ ചാമ്പ്യൻഷിപ്പിൽ ലെവിൻ തൃശൂർ ജില്ലയുടെ ക്യാപ്റ്റനായിരുന്നു. നാഷണൽ ലെവലിൽ റിസർവ് പ്ലയറായി കേരള ടീമിനുവേണ്ടി തൃശൂർ ജില്ലയിൽനിന്ന് ലെവിൻ ലിയോൺ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.*

*2020 ജനുവരിയിൽ World Record Forum നടത്തിയ സ്കേറ്റിങ് കാർണിവലിൽ ലെവിൻ ലിയോൺ പങ്കെടുക്കുകയും America Book of Records നേടുകയും ചെയ്തിരുന്നു.*

*നമ്മുടെ ഇടവക സെന്റ് തോമസ് കുടുംബകൂട്ടായ്മയിലെ തെക്കേക്കര ലിയോണിന്റേയും അനിയുടേയും മകനാണ് ലെവിൻ ലിയോൺ.*

**ലെവിൻ ലിയോണിന് ഇടവകയുടേയും, ടച്ച്-മീയുടേയും അഭിനന്ദനങ്ങൾ**

# ഫുഡ്ഫെസ്റ്റ്

## അഗാപ്പെ



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ജപമാല മാസ ആചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഒക്ടോബർ 30 ഞായറാഴ്ച വൈകീട്ട് ദൈവാലയ അങ്കണത്തിൽ ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഫുഡ്ഫെസ്റ്റ് നടത്തി. ഫുഡ്ഫെസ്റ്റ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ റവ. ഫാ. ഡെമിൻ തറയിൽ ഉദ്ഘാടനം ചെയ്തു.

ഇടവകയിലെ മുഴുവൻ കുടുംബകൂട്ടായ്മകളുടേയും വിവിധ ഭക്തസംഘടനകളുടേയും നേതൃത്വത്തിൽ വൈവിധ്യങ്ങളായ രുചിയേറും ഭക്ഷണ വിഭവങ്ങൾ തൽസമയം പാചകം ചെയ്ത് വിതരണം ചെയ്തു. യുവജന സംഘടനകളുടെ നേതൃത്വത്തിൽ വിവിധതരം ഗെയിമുകളും, വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ വിവിധതരം കലാപരിപാടികളും, 'ഫിയാത്ത്' ദൃശ്യാവിഷ്കാരവും അവതരിപ്പിച്ചു.

മിഷൻ ഞായറിന് ലഭിച്ച ഉല്പന്നങ്ങളുടെ സൗഹൃദത്തോടെയുള്ള വാശിയേറിയ ലേലംവിളികളും ഉണ്ടായിരുന്നു.

ഫുഡ്ഫെസ്റ്റിന്റെ ഒരുക്കങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികളായ ലിയോൺ ജോർജ്ജ്, എം.ആർ. ആന്റോ, തോംസൺ തച്ചിൽ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, കൈക്കാരന്മാരായ എൻ.ജെ. ജെയ്മോൻ, കെ.ജെ. ജെയ്സൺ, ജോസ് കിരൺ എന്നിവർ നേതൃത്വം നൽകി.

ചിൽഡ്രൻസ് കോർണർ



Art by: Jonath Jofee (Std. II)

## മറ്റം ഫൊറോന മരിയോത്സവത്തിൽ വിജയികൾക്ക് അഭിനന്ദനങ്ങൾ

| | | |
|---|---|---|
| മോണോ ആക്ട് | I[st] | **ജോയൽ മാത്യു ജെയ്മോൻ** |
| സംഘഗാനം | III[rd] | **സാന്ദ്ര എം. സുനിൽ, സിയ ഷാജു**<br>**മെർലിൻ ജീജോ, ജാസ്മിൻ സി. ജെ.**<br>**റോസ് മിസ്റ്റിക്ക, ചിഞ്ചു കിഴക്കൂട്ട്** |
| മാർഗ്ഗംകളി | III[rd] | **ചിഞ്ചു കിഴക്കൂട്ട്**<br>**ഏയ്ഞ്ചൽ മരിയ, സിയ ഷാജു**<br>**ശില്പ ഇ. ആർ., ജാസ്മിൻ സി. ജെ.**<br>**ജാഷ്ലി സി. ജെ., ഷെറിൻ ജോസി** |

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................ ക്ലാസ്സ് : ......................

യൂണിറ്റ് : ........................................... ഫോൺ നമ്പർ :.................................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Delmin Joshy, STD : II , St. Joseph Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)




പേര് : .................................................................................. ക്ലാസ്സ് : ......................

യൂണിറ്റ് : ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ELJO C.J.**


Std : VI, St. Antony's Kudumbakoottayma

"അയ്യോ.... പട്ടി പണി പറ്റിച്ചേ"

# വചന കലണ്ടർ

## 2022 നവംബർ NOVEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>2 കോറി 5:1–5<br>ലൂക്കാ 15:11–24 | **2**<br>1 പത്രോ 5:1–4<br>യോഹ 21:15–19 | **3**<br>എഫേ 3:1–6<br>മത്താ 8:5–13 | **4**<br>എഫേ 6:1–9<br>മത്താ 21:28–32 | **5**<br>റോമാ 12:9–18<br>ലൂക്കാ 10:25–37 |
| **6**<br>ഏശ 49:1–7<br>1 പത്രോ 1:3–7<br>മത്താ 19:23–30 | **7**<br>കൊളോ 1:12–20<br>മത്താ 16:13–20 | **8**<br>2 പത്രോ 1:12–21<br>ലൂക്കാ 9:28–36 | **9**<br>വെളി 19:1–10<br>മത്താ 22:1–14 | **10**<br>2 കോറി 11:1–4<br>യോഹ 3:22–30 | **11**<br>2 കോറി 11:1–4<br>യോഹ 3:31–36 | **12**<br>വെളി 22:1–5<br>മത്താ 19:13–22 |
| **13**<br>ഉത്പ 29:15–30<br>2 തെസ 3:6–15<br>മത്താ 25:14–30 | **14**<br>1 കോറി 13:1–10<br>മർക്കോ 12:28–34 | **15**<br>1 കോറി 4:1–5<br>ലൂക്കാ 16:1–13 | **16**<br>1 കോറി 6:1–11<br>ലൂക്കാ 16:13–17 | **17**<br>കൊളോ 1:3–11<br>മത്താ 13:10–23 | **18**<br>ഹെബ്രാ 12:4–13<br>യോഹ 15:1–8 | **19**<br>2 തിമോ 4:1–8<br>യോഹ 17:1–8 |
| **20**<br>ഉത്പ 14:17–24<br>വെളി 19:11–16<br>യോഹ 18:33–37 | **21**<br>എഫേ 2:14–22<br>യോഹ 14:1–14 | **22**<br>1 പത്രോ 2:1–10<br>യോഹ 10:7–16 | **23**<br>എഫേ 1:3–12<br>ലൂക്കാ 1:46–55 | **24**<br>ഹെബ്രാ 13:9–16<br>ലൂക്കാ 10:17–21 | **25**<br>വെളി 7:9–12<br>മർക്കോ 12:18–27 | **26**<br>വെളി 21:22–27<br>യോഹ 4:19–26 |
| **27**<br>ഉത്പ 17:15–22<br>എഫേ 5:21–6:4<br>ലൂക്കാ 1:5–25 | **28**<br>ഗലാ 3:9–14<br>ലൂക്കാ 9:37–43 | **29**<br>റോമ 13:8–14<br>ലൂക്കാ 1:18–20 | **30**<br>1 കോറി 1:4–9<br>യോഹ 8:26–30 | **1**<br>1 തിമോ 4:11–16<br>മത്താ 24:45–51 | **2**<br>കൊളോ 3:1–10<br>മത്താ 13:12–17 | **3**<br>ഗലാ 3:1–9<br>ലൂക്കാ 9:57–62 |



ഒന്നാം ചരമവാർഷികം
14-10-2022
സ്മരണാഞ്ജലി
ഷീല എപ്പോൾട്ട്
W/o. എപ്പോൾട്ട്
ഇല്ലിക്കൽ ഹൗസ്
കുന്നംകുളം
സന്തപ്ത കുടുംബാംഗങ്ങൾ
ROLLS
FABRICATION WORK
KOTTAYIL ROAD, KUNNAMKULAM
C.C. ROBY - Mob : 8590830442
GRILL, GATE, TRUSS, SHUTTER, Etc...



T.T.DEVASSY JEWELLERY

SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM